# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4983 — 21/10/2011-ൽ മറുപടിക്ക്

## ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലായുള്ള ജില്ലകളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുക മുൻസർക്കാർ ശരിയായി വിനിയോഗിച്ചില്ല എന്ന് ചൂണ്ടിക്കാട്ടി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം പുറത്തിറക്കിയ കണക്കു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) ഈ പദ്ധതിപ്രകാരം കേരളത്തിനു എത്ര രൂപയാണു അനുവദിച്ചിരുന്നത്; ഇതിൽ എത്ര രൂപയാണ് ചെലവഴിച്ചത്? | (ബി) MSDP പദ്ധതിയുടെ ആകെ അടങ്കൽ 1985 ലക്ഷം രൂപയാണ്. ഇതിൽ 1490.5 ലക്ഷം രൂപ കേന്ദ്ര വിഹിതവും 494.5 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. MSDP-യുടെ കീഴിലുള്ള വിവിധ പദ്ധതികളിൽപ്പെട്ട ആരോഗ്യ ഉപകേന്ദ്രങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനായി ആദ്യ ഗഡു ഇനത്തിൽ 91 ലക്ഷം രൂപ (76.50 ലക്ഷം കേന്ദ്ര വിഹിതവും 14.50 ലക്ഷം സംസ്ഥാന വിഹിതവും) ഇതിനകം ചെലവാക്കിയിട്ടുണ്ട്. അധിക ക്ലാസ്സ് മുറികളും ലബോറട്ടറി സൗകര്യവും ഏർപ്പെടുത്തുന്ന പദ്ധതിക്കായി 1,13,74,000/- രൂപ അനുവദിച്ചുനൽകി. പാടിച്ചിറ, നടവയൽ, പടിഞ്ഞാറേത്തറ കുപ്പാടി വില്ലേജുകളിൽ കുടിവെള്ള പദ്ധതിക്കായി 5,17,50,000/- രൂപ അനുവദിച്ചു നൽകി. മേപ്പാടി പോളിടെക്നിക്കിന്റെ ലാബ് നവീകരണത്തിനായി കേന്ദ്ര ധനസഹായം 1-ാം ഗഡുവായി 37.06 ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. ഐ.ടി. സെൽ സ്ഥാപിക്കുന്ന പദ്ധതിക്കായുള്ള 10,37,000/- രൂപ തുല്യവിഹിതമായി വയനാട് ജില്ലയ്ക്കും വകുപ്പദ്ധ്യക്ഷന്റെ ആഫീസിന്റെ സെല്ലിനുമായി അനുവദിച്ചു നൽകിയിട്ടുണ്ട്. അനുവദിച്ച തുകയുടെ ബാക്കി പദ്ധതിയുടെ നിർമ്മാണ പുരോഗതിക്കനുസരിച്ച് ചെലവഴിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.